ശ്രീമദ് ഭാഗവതം

സ്കന്ദം 4 / അദ്ധ്യായം 24 / ശ്ലോകം 1-26 സംഗ്രഹം

പൃഥുമഹാരാജാവിന്റെ വംശപരമ്പര

പൃഥുമഹാരാജാവിനുശേഷം അദ്ദേഹത്തിന്റെ പുത്രനായ വിജിതാശ്വൻ പിതാവിനെപ്പോലെതന്നെ അതിപ്രതാപശാലിയായ ചക്രവർത്തിയായി വാണു. അദ്ദേഹം തന്റെ സഹോദരന്മാരോടുള്ള സ്നേഹവാത്സല്യങ്ങളാൽ ഭൂമിയുടെ നാലു ദിക്കുകളെയും ഭരിക്കാനുള്ള ചുമതല അവർക്ക് വിഭജിച്ചു നൽകി.

മഹാനുഭാവനായ വിജിതാശ്വൻ തന്നോട് അപരാധം ചെയ്ത ദേവേന്ദ്രനോട് പോലും ക്ഷമിക്കാൻ തക്ക ഔദാര്യം കാണിച്ചു. അങ്ങേയറ്റം ദയാലുവായ അദ്ദേഹം ആരെയും ശിക്ഷിക്കാനോ കർക്കശമായി പെരുമാറാനോ ആഗ്രഹിച്ചിരുന്നില്ല; രാജധർമ്മം പാലിക്കാൻ വേണ്ടി മാത്രമാണ് അദ്ദേഹം അത്തരം നടപടികൾ സ്വീകരിച്ചിരുന്നത്. പ്രജാക്ഷേമത്തിനായി നിരവധി യജ്ഞങ്ങൾ അനുഷ്ഠിച്ച അദ്ദേഹം, ആത്മജ്ഞാനത്താൽ ഭഗവത്ഭക്തിയിൽ മുഴുകി പരമാനന്ദം അനുഭവിച്ചുപോന്നു.

ശിഖണ്ഡിനി എന്ന പത്നിയിൽ അഗ്നിദേവന് തുല്യരായ മൂന്ന് പുത്രന്മാർ അദ്ദേഹത്തിനുണ്ടായി. കൂടാതെ നഭസ്വതിയിൽ ഹവിർദ്ധാനൻ എന്ന പുത്രനും ജനിച്ചു. ഹവിർദ്ധാനൻ ഹവിർദ്ധാനി എന്ന സ്ത്രീയെ വിവാഹം കഴിച്ചു. അവർക്ക് ബർഹിഷദൻ, ഗയൻ, ശുക്ലൻ, കൃഷ്ണൻ, സത്യൻ, ജിതവ്രതൻ എന്നിങ്ങനെ ആറ് പുത്രന്മാർ ജനിച്ചു.

പ്രാചീനബർഹിസ്സും പ്രചേതസ്സുകളുടെ തപസ്സും

ഹവിർദ്ധാനന്റെ പുത്രനായ ബർഹിഷദൻ അസംഖ്യം യജ്ഞങ്ങൾ അനുഷ്ഠിച്ച പുണ്യപുരുഷനായിരുന്നു. അദ്ദേഹം പ്രജാപതി പദവിയിലേക്ക് ഉയർത്തപ്പെട്ടു. 'പ്രാചീനബർഹിസ്സ്' എന്ന പേരിലും അദ്ദേഹം അറിയപ്പെടുന്നു. ബ്രഹ്മാവിന്റെ നിർദ്ദേശപ്രകാരം അദ്ദേഹം സമുദ്രരാജന്റെ പുത്രിയായ ശതദ്രുതിയെ വിവാഹം കഴിച്ചു. ലോകവാസികളെ മുഴുവൻ ആകർഷിക്കുന്ന അത്രയും ലാവണ്യമുള്ളവളായിരുന്നു അവൾ. ഈ ദമ്പതികൾക്ക് പത്തു പുത്രന്മാർ ജനിച്ചു; ഇവരാണ് 'പ്രചേതസ്സുകൾ' എന്നറിയപ്പെടുന്നത്.

ഗൃഹസ്ഥാശ്രമത്തിൽ പ്രവേശിച്ച് വംശവർദ്ധനവ് നടത്താൻ പിതാവ് ആജ്ഞാപിച്ചപ്പോൾ, അവർ പതിനായിരം വർഷം ജലത്തിനടിയിൽ തപസ്സുചെയ്യാൻ തീരുമാനിച്ചു വീടുവിട്ടിറങ്ങി.

ശിവദർശനം

പരമഭക്തരായ പ്രചേതസ്സുകൾ പിതാവിന്റെ ആജ്ഞയെ ഭക്തിപൂർവ്വം സ്വീകരിച്ച് പടിഞ്ഞാറ് ദിക്കിലേക്ക് യാത്രയായി. (പിതാവ്, രാജാവ്, ആത്മീയ ഗുരു എന്നിവർ ഭഗവാന്റെ പ്രതിനിധികളാകയാൽ അവർ വന്ദ്യരാണ്. അവരുടെ ആജ്ഞകൾ ശിരസാവഹിക്കേണ്ടത് ഓരോരുത്തരുടെയും കടമയാണ്. തങ്ങളെ ആശ്രയിച്ചു കഴിയുന്നവരെ ഭഗവാന്റെ നിഷ്കാമ ഭക്തരാക്കി മാറ്റുക എന്നതാണ് അവരുടെ മുഖ്യ ചുമതല.)

യാത്രയ്ക്കിടയിൽ സമുദ്രം പോലെ വിസ്തൃതമായ ഒരു തടാകം അവർ കണ്ടു. ശാന്തസുന്ദരമായ ആ ജലാശയത്തിലെ ജീവജാലങ്ങൾ അതീവ സന്തുഷ്ടരായി കാണപ്പെട്ടു. നീലത്താമരകളും ചെന്താമരകളും നിറഞ്ഞ ആ തടാകത്തിൽ ഹംസങ്ങളും ചക്രവാകങ്ങളും നീന്തിത്തുടിച്ചു. പുഷ്പങ്ങളിലെ തേൻ നുകർന്ന് വണ്ടുകൾ മധുരമായി മൂളുകയും മന്ദമാരുതനിൽ വൃക്ഷലതാദികൾ നൃത്തമാടുകയും ചെയ്യുന്ന ആ കാഴ്ച നയനമനോഹരമായിരുന്നു.

അവിടെ കേട്ട മൃദംഗനാദവും മറ്റു വാദ്യഘോഷങ്ങളും അവരെ വിസ്മയിപ്പിച്ചു. ആ നിമിഷം, ഭഗവാൻ ശിവശങ്കരൻ തന്റെ പരിവാരങ്ങളോടൊപ്പം ജലപ്പരപ്പിൽ നിന്നും ഉയർന്നുവരുന്നത് അവർ കണ്ടു. ഉരുകിയ സ്വർണ്ണത്തിന്റെ നിറമുള്ള ശരീരവും

നീലകണ്ഠവുമുള്ള മഹാദേവനെ ദർശിച്ച പ്രചേതസ്സുകൾ അത്യധികം ആനന്ദഭരിതരായി അദ്ദേഹത്തിന്റെ പാദങ്ങളിൽ വീണു നമസ്കരിച്ചു.

മഹാദേവന്റെ അനുഗ്രഹം

ഭക്തവത്സലനായ മഹാദേവൻ പ്രചേതസ്സുകളുടെ ഭക്തിയിൽ പ്രീതനായി ഇപ്രകാരം അരുളിച്ചെയ്തു:

"നിങ്ങൾക്ക് സർവ്വ മംഗളങ്ങളും ഭവിക്കട്ടെ. നിങ്ങളുടെ ഹൃദയവാഞ്ഛ ഞാൻ അറിയുന്നു. നിങ്ങളെ അനുഗ്രഹിക്കാനാണ് ഞാൻ ഇപ്പോൾ പ്രത്യക്ഷനായത്. സർവ്വചരാചരങ്ങളുടെയും നിയന്താവായ ശ്രീകൃഷ്ണഭഗവാനെ ശരണം പ്രാപിക്കുന്ന ഏവരും എനിക്കും പ്രിയപ്പെട്ടവരാണ്.

നൂറു ജന്മങ്ങൾ സ്വധർമ്മം തെറ്റാതെ അനുഷ്ഠിക്കുന്നവൻ ബ്രഹ്മപദവിയിലെത്തുന്നു. അതിൽ നിന്നും പുരോഗതി പ്രാപിക്കുന്നവൻ എന്നെ പ്രാപിക്കുന്നു. എന്നാൽ ഭഗവാൻ വിഷ്ണുവിനെയോ കൃഷ്ണനെയോ ശരണം പ്രാപിച്ച് ഭക്തിയോഗം ചെയ്യുന്നവർ ഉടനടി വൈകുണ്ഠം പ്രാപിക്കുന്നു. ദേവന്മാർ പോലും ഈ ലോകം നശിച്ചതിനുശേഷം മാത്രമാണ് അവിടേക്ക് എത്തുന്നത്. ഭഗവാന്റെ ഭക്തരായ നിങ്ങളും അദ്ദേഹത്തെപ്പോലെ തന്നെ പൂജനീയരാണ്. എനിക്ക് ഭക്തരോട് എപ്പോഴും സ്നേഹമുണ്ട്, ഭക്തർ തിരികെ എന്നെയും ബഹുമാനിക്കുന്നു.

ഇപ്പോൾ നിങ്ങൾക്ക് അത്യന്തം പരിശുദ്ധവും മംഗളകരവുമായ ഒരു മന്ത്രം ഞാൻ ഉപദേശിച്ചുതരാം. ജീവിതലക്ഷ്യം കൈവരിക്കാൻ ആഗ്രഹിക്കുന്നവർക്ക് വേണ്ടിയുള്ള ഉൽകൃഷ്ടമായ പ്രാർത്ഥനയാണിത്. അതിനാൽ ഏകാഗ്രതയോടെ ഇത് ശ്രവിച്ചാലും."

ഇപ്രകാരം അരുളിച്ചെയ്തുകൊണ്ട് മഹാദേവൻ പ്രപഞ്ചനാഥനെ പ്രാർത്ഥിക്കാൻ തുടങ്ങി.

ഇതുപോലെയുള്ള ആത്മീയ വിഷയങ്ങൾ വായിക്കുവാനായി താഴെക്കാണുന്ന

ലിങ്ക് പിൻതുടരുക .:- ശുദ്ധ ഭക്തി വാട്സ്ആപ്പ് ഗ്രൂപ്പ് ശുദ്ധ ഭക്തി ടെലഗ്രാം ഗ്രൂപ്പ് www.suddhabhaktimalayalam.com മൊബൈൽ ആപ്പ്

https://play.google.com/store/apps/details?id=com.destine.suddhabhakti

ശ്രീമദ് ഭാഗവതം

സ്കന്ദം 4 / അദ്ധ്യായം 24 / ശ്ലോകം 27-79

രുദ്ര ഉവാച

യൂയം വേദിഷദഃ പുത്രാ വിദിതം വശ്ചികീർഷിതം ।
അനുഗ്രഹായ ഭദ്രം വ ഏവം മേ ദർശനം കൃതം ॥ 27 ॥

മഹാദേവൻ പറഞ്ഞു: പ്രാചീനബർഹിയുടെ പുത്രന്മാരായ നിങ്ങൾക്കെല്ലാവർക്കും ഞാൻ സർവസൗഭാഗ്യങ്ങളും നേരുന്നു. നിങ്ങൾ എന്താണ് ചെയ്യാൻ പോകുന്നതെന്നും എനിക്കറിയാം. അതുകൊണ്ട് എന്റെ കൃപ നിങ്ങളിൽ പ്രകടമാക്കുന്നതിന് ഞാൻ നിങ്ങൾക്ക് ദൃശ്യനായി.

യഃ പരം രംഹസഃ സാക്ഷാത് ത്രിഗുണാജ്ജീവസംജ്ഞിതാത് ।
ഭഗവന്തം വാസുദേവം പ്രപന്നഃ സ പ്രിയോ ഹി മേ ॥ 28 ॥

ഈ ഭൗതികലോകത്തിൽ വലിയ ക്ലേശങ്ങൾ സഹിക്കേണ്ടി വരുന്ന കർമങ്ങൾ അനുഷ്ഠിക്കുന്ന ഏതൊരു വ്യക്തിയും, ദുരിതങ്ങളിൽ നിന്ന് മോചനം നേടുന്നതിനുള്ള അവസരമായ മനുഷ്യരൂപത്തിലുള്ള ജീവിതം ലഭിച്ചതിനു ശേഷവും ഫലകാംക്ഷാ കർമങ്ങളുടെ പ്രയാസകരങ്ങളായ പ്രവൃത്തികൾ ഏറ്റെടുക്കുന്ന ഏതൊരുവനും, സ്വന്തം ആത്മാവിനെത്തന്നെ വഞ്ചിക്കുകയും ദ്വേഷിക്കുകയും ചെയ്യുന്നവനായി പരിഗണിക്കപ്പെടും.

സ്വധർമ്മനിഷ്ഠഃ ശതജൻമഭിഃ പുമാൻ
വിരിഞ്ചതാമേതി തതഃ പരം ഹി മാം ।
അവ്യാകൃതം ഭാഗവതോഽഥ വൈഷ്ണവം
പദം യഥാഹം വിബുധാഃ കലാത്യയേ ॥ 29 ॥

മൈത്രേയ മഹാമുനി സംസാരം തുടർന്നു: എന്റെ പ്രിയപ്പെട്ട വിദുരാ, സ്വർഗവാസികളുടെ പതിമാർ അപ്രകാരം അന്യോന്യം സംസാരിച്ചു നിൽക്കുന്നതിനിടയിൽ, അർചി രാജ്ഞി, അത്യുന്നത സാക്ഷാത്കാരം ലഭിച്ച ആത്മാവും അവളുടെ ഭർത്താവുമായ പൃഥു മഹാരാജാവ് എത്തിച്ചേർന്ന ഗ്രഹത്തിലെത്തി.

അഥ ഭാഗവതാ യൂയം പ്രിയാഃ സ്ഥ ഭഗവാൻ യഥാ ।
ന മദ്ഭാഗവതാനാം ച പ്രേയാനന്യോഽസ്തി കർഹിചിത് ॥ 30 ॥

"നിങ്ങളെല്ലാവരും ഭഗവാന്റെ ഭക്തന്മാരാകുന്നു, അങ്ങനെയായതിനാൽ നിങ്ങൾ പരമദിവ്യോത്തമപുരുഷനായ ഭഗവാനെപ്പോലെ തന്നെ ആദരിക്കപ്പെടേണ്ടവരാണെന്ന് ഞാൻ വ്യവച്ഛേദിച്ചറിയുന്നു. ഭക്തന്മാർ ഈ രീതിയിൽ എന്നെയും ബഹുമാനിക്കും, ഞാൻ അവർക്ക് പ്രിയപ്പെട്ടവനാണെന്നും എനിക്കറിയാം. അപ്രകാരമായാൽ ഭക്തന്മാർക്ക് എന്നോളം പ്രിയപ്പെട്ടവനാകാൻ ആർക്കും കഴിയില്ല."

ഇദം വിവിക്തം ജപ്തവ്യം പവിത്രം മംഗളം പരം ।
നിഃശ്രേയസകരം ചാപി ശ്രൂയതാം തദ്വദാമി വഃ ॥ 31 ॥

"ഞാനിപ്പോൾ അതീന്ദ്രിയവും, പവിത്രവും, മംഗളകരവും, ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യം അഭിലഷിക്കുന്ന ഒരുവന് ഏറ്റം മംഗളകരവുമായ ഒരു മന്ത്രം ജപിക്കാം, ദയവായി ശ്രദ്ധാപൂർവം ശ്രവിക്കുക."

മൈത്രേയ ഉവാച

ഇത്യനുക്രോശഹൃദയോ ഭഗവാനാഹ താൻ ശിവഃ ।
ബദ്ധാഞ്ജലീൻ രാജപുത്രാൻ നാരായണപരോ വചഃ ॥ 32 ॥

"മൈത്രേയ മഹർഷി തുടർന്നു: നാരായണന്റെ മഹാഭക്തനും, അത്യുന്നത വ്യക്തിത്വവുമായ മഹാദേവൻ അഹൈതുകമായ കാരുണ്യത്താൽ തനിക്കു മുന്നിൽ കൂപ്പുകൈകളുമായി നിന്നിരുന്ന രാജപുത്രന്മാരോട് തുടർന്നു."

രുദ്ര ഉവാച

ജിതം ത ആത്മവിദ്ധുര്യസ്വസ്തയേ സ്വസ്തിരസ്തു മേ ।
ഭവതാ രാധസാ രാദ്ധം സർവസ്മാ ആത്മനേ നമഃ ॥ 33 ॥

"മഹാദേവൻ താഴെ പറയുന്ന പ്രാർത്ഥനകളോടെ പരമദിവ്യോത്തമപുരുഷനായ ഭഗവാനെ അഭിസംബോധന ചെയ്തു: അല്ലയോ പരമദിവ്യോത്തമപുരുഷനായ ഭഗവാനേ അവിടത്തേക്ക് എല്ലാ മഹത്വങ്ങളും. സ്വയം സാക്ഷാത്കൃതരായ സർവ ആത്മാക്കളിലും വച്ച് ഏറ്റവും ഉന്നതൻ അങ്ങാകുന്നു. അങ്ങ് ആത്മസാക്ഷാത്കാരം സിദ്ധിച്ചവർക്ക് എപ്പോഴും മംഗളകാരിയായതിനാൽ, എനിക്കും മംഗളങ്ങൾ വരുത്തണമെന്ന് ഞാൻ ആശിക്കുന്നു. അവിടന്ന് നൽകിയിട്ടുള്ള സമ്പൂർണങ്ങളായ ഉപദേശങ്ങളുടെ അടിസ്ഥാനത്തിൽ അങ്ങ് ആരാധ്യർഹനാണ്. അങ്ങ് പരമാത്മാവാണ്; ആകയാൽ പരമോന്നതനായ ജീവസത്തയെന്ന നിലയിൽ അങ്ങേയ്ക്ക് ഞാനെന്റെ പ്രണാമങ്ങൾ അർപ്പിക്കുന്നു."

നമഃ പങ്കജനാഭായ ഭൂതസൂക്ഷ്മേന്ദ്രിയാത്മനേ ।
വാസുദേവായ ശാന്തായ കൂടസ്ഥായ സ്വരോചിഷേ ॥ 34 ॥

"എന്റെ ഭഗവാനേ, അങ്ങയുടെ നാഭിയിൽ നിന്നങ്കുരിച്ച താമരപ്പൂവിന്റെ പ്രാഭവത്താൽ സൃഷ്ടിയുടെ മൂലം അങ്ങാകുന്നു. ഇന്ദ്രിയങ്ങളുടെയും ഇന്ദ്രിയ വസ്തുക്കളുടെയും പരമനിയന്താവും, സർവവ്യാപിയായ വാസുദേവനും അവിടന്നാണ്. പരമശാന്തനായ അങ്ങ്, അങ്ങയുടെ സ്വയം പ്രകാശിത അസ്തിത്വം മൂലം ആറു വിധത്തിലുള്ള പരിണാമങ്ങളാലും അസ്വസ്ഥനാക്കപ്പെടുന്നില്ല."

സങ്കർഷണായ സൂക്ഷ്മായ ദുരന്തായാന്തകായ ച ।
നമോ വിശ്വപ്രബോധായ പ്രദ്യുമ്നായാന്തരാത്മനേ ॥ 35 ॥

"എന്റെ പ്രിയപ്പെട്ട ഭഗവാനേ, അങ്ങ് സൂക്ഷ്മ ഭൗതികഘടകങ്ങളുടെ മൂലവും സംയോജനത്തിന്റെയും അതുപോലെതന്നെ ശിഥിലീകരണത്തിന്റെയും മുഖ്യദേവനുമായ സങ്കർഷണനും, ബുദ്ധിയുടെ യജമാനനും മുഖ്യദേവനുമെന്ന് അറിയപ്പെടുന്ന പ്രദ്യുമ്നനുമാകുന്നു. അതിനാൽ അങ്ങേയ്ക്ക് ഞാനെന്റെ സാദര പ്രണാമങ്ങൾ അർപ്പിക്കുന്നു."

നമോ നമോ ഽനിരുദ്ധായ ഹൃഷീകേശേന്ദ്രിയാത്മനേ ।
നമഃ പരമഹംസായ പൂർണ്ണായ നിഭൃതാത്മനേ ॥ 36 ॥

"എന്റെ ഭഗവാനേ, അനിരുദ്ധൻ എന്നറിയപ്പെടുന്ന പരമോന്നത നിയന്ത്രണ ദേവനെന്ന നിലയിൽ അങ്ങ് ഇന്ദ്രിയങ്ങളുടെയും മനസിന്റെയും നായകനാകുന്നു. ആകയാൽ അങ്ങേക്ക് ഞാനെന്റെ പ്രണാമങ്ങൾ വീണ്ടും വീണ്ടും അർപ്പിക്കുന്നു. സ്വന്തം വക്ത്രത്തിൽ നിന്നുള്ള അഗ്നിജ്വാലകളാൽ സമഗ്ര സൃഷ്ടിയെയും നശിപ്പിക്കാനുള്ള അങ്ങയുടെ കഴിവിന്റെ പേരിൽ അങ്ങ് സങ്കർഷണനെന്നും അനന്തനെന്നും അറിയപ്പെടുന്നു."

സ്വർഗ്ഗാപവർഗ്ഗദ്വാരായ നിത്യം ശുചിഷദേ നമഃ ।
നമോ ഹിരണ്യവീര്യായ ചാതുർഹോത്രായ തന്തവേ ॥ 37 ॥

"എന്റെ ഭഗവാനേ, അല്ലയോ അനിരുദ്ധാ, അനുഗ്രഹങ്ങളുടെയും മോക്ഷത്തിന്റെയും കവാടങ്ങൾ തുറക്കുന്ന അധികാരി അങ്ങാകുന്നു. അവിടന്ന് ജീവസത്തയുടെ പരിശുദ്ധ ഹൃദയത്തിൽ എപ്പോഴുമുണ്ട്. അതിനാൽ

അങ്ങേയ്ക്ക് ഞാനെന്റെ പ്രണാമങ്ങളർപ്പിക്കുന്നു. സ്വർണം പോലെയും, അപ്രകാരം അഗ്നിരൂപത്തിലുമുള്ള ശുക്ലത്തിന്റെ ഉടമയായ അവിടന്ന് ചാതുർഹോത്രത്തോടെ ആരംഭിക്കുന്ന വൈദിക യജ്ഞങ്ങളെ സഹായിക്കുന്നു. ആകയാൽ അങ്ങേയ്ക്ക് ഞാനെന്റെ പ്രണാമങ്ങളർപ്പിക്കുന്നു."

നമ ഊർജ്ജ ഇഷേ ത്രയ്യാഃ പതയേ യജ്ഞരേതസേ ।
തൃപ്തിദായ ച ജീവാനാം നമഃ സർവ്വരസാത്മനേ ॥ 38 ॥

"എന്റെ ഭഗവാനേ, പിതൃലോകങ്ങളും അതുപോലെ ദേവലോകങ്ങളും നൽകുന്നത് അവിടന്നാണ്. അവിടന്ന് ചന്ദ്രന്റെ പ്രബല ദേവനും, മൂന്നു വേദങ്ങളുടെയും യജമാനനുമാകുന്നു. എല്ലാ ജീവസത്തകളുടെയും സംതൃപ്തിയുടെ മൂല സ്രോതസ്സും അങ്ങാകയാൽ അങ്ങേയ്ക്കെന്റെ പ്രണാമങ്ങൾ."

സർവ്വസത്ത്വാത്മദേഹായ വിശേഷായ സ്ഥവീയസേ ।
നമസ്ത്രൈലോക്യപാലായ സഹ ഓജോ ബലായ ച ॥ 39 ॥

"എന്റെ പ്രിയപ്പെട്ട ഭഗവാനേ, എല്ലാ ജീവസത്തകളുടെയും വ്യക്തിഗത ശരീരങ്ങളടങ്ങുന്ന ബൃഹത്തായ വിശ്വരൂപമാണങ്ങ്. ത്രിലോകങ്ങളുടെയും പരിപാലകനായ അങ്ങ് ആ നിലയ്ക്ക് മനസ്സ്, ഇന്ദ്രിയങ്ങൾ, ശരീരം, പ്രാണവായു എന്നിവയെ അവയ്ക്കുള്ളിൽ നിലനിർത്തുന്നു. ആയതിനാൽ, ഞാൻ അങ്ങേക്കെന്റെ സാദരപ്രണാമങ്ങളർപ്പിക്കുന്നു."

അർഥലിംഗായ നഭസേ നമോ്ന്തർബ്ബഹിരാത്മനേ ।
നമഃ പുണ്യായ ലോകായ അമുഷ്മൈ ഭൂരിവർച്ചസേ ॥ 40 ॥

"എന്റെ പ്രിയപ്പെട്ട ഭഗവാനേ, അങ്ങ് അങ്ങയുടെ അതീന്ദ്രിയ സ്പന്ദനങ്ങളുടെ വിസ്തരണത്തിലൂടെ എല്ലാത്തിന്റെയും യഥാർത്ഥ പൊരുൾ വെളിവാക്കുന്നു. അവിടന്ന് അകത്തും പുറത്തുമുള്ള സർവവ്യാപിയായ ആകാശവും, ഈ ഭൗതികലോകത്തിലും അതിനുപരിയിലും നിർവഹിക്കപ്പെടുന്ന എല്ലാ പുണ്യകർമങ്ങളുടെയും ആത്യന്തിക ലക്ഷ്യവുമാകുന്നു. ആകയാൽ അങ്ങേയ്ക്ക് ഞാനെന്റെ സാദരപ്രണാമങ്ങൾ വീണ്ടും വീണ്ടും സമർപ്പിക്കുന്നു."

പ്രവൃത്തായ നിവൃത്തായ പിതൃദേവായ കർമ്മണേ ।
നമോഽധർമ്മവിപാകായ മൃത്യവേ ദുഃഖദായ ച ॥ 41 ॥

"എന്റെ പ്രിയപ്പെട്ട ഭഗവാനേ, അവിടന്ന് പുണ്യപ്രവൃത്തികളുടെ ഫലങ്ങളുടെ നിരീക്ഷകനാണ്. അവിടന്ന് ഇഷ്ടവും അനിഷ്ടവും അവയുടെ പരിണിത കർമങ്ങളുമാണ്. ജീവിതത്തിന്റെ അധാർമികത മൂലമുള്ള ദുഃഖാവസ്ഥയ്ക്ക് നിദാനവും, ആയതിനാൽ മരണവും അവിടന്നാകുന്നു. അങ്ങേയ്ക്ക് ഞാനെന്റെ ആദരപ്രണാമങ്ങൾ അർപ്പിക്കുന്നു."

നമസ്ത ആശിഷാമീശ മനവേ കാരണാത്മനേ ।
നമോ ധർമ്മായ ബൃഹതേ കൃഷ്ണായാകുണ്ഠമേധസേ ।
പുരുഷായ പുരാണായ സാംഖ്യയോഗേശ്വരായ ച ॥ 42 ॥

"എന്റെ പ്രിയപ്പെട്ട ഭഗവാനേ, വരദായകരിൽ വച്ച് ഏറ്റവും ഉന്നതനായ വരദായകനാണ് അങ്ങ്, ഭോക്താക്കളിൽ വച്ച് ഏറ്റവും ഉന്നതനും പുരാതനനും. അങ്ങ് സർവകാരണങ്ങളുടെയും പരമകാരണമായ കൃഷ്ണഭഗവാനാകയാൽ, ലോകത്തിന്റെ എല്ലാ അതിഭൗതിക തത്ത്വശാസ്ത്രങ്ങളുടെയും ഗുരുവുമാകുന്നു. അങ്ങ് എല്ലാ ധാർമിക തത്ത്വങ്ങളിലും മഹത്തും, പരമോന്നത മനസ്സും, ഏതവസ്ഥയിലും ഒരിക്കലും സ്തംഭിക്കാത്ത ബുദ്ധിയുള്ളവനുമാകുന്നു. ആകയാൽ അങ്ങേയ്ക്ക് ഞാനെന്റെ പ്രണാമങ്ങൾ ആവർത്തിച്ച് സമർപ്പിക്കുന്നു."

ശക്തിത്രയസമേതായ മീഢുഷേഽഹംകൃതാത്മനേ ।
ചേത ആകൂതിരൂപായ നമോ വാചോ വിഭൂതയേ ॥ 43 ॥

"എന്റെ പ്രിയപ്പെട്ട ഭഗവാനേ, അങ്ങ് പ്രവൃത്തി ചെയ്യുന്നവന്റെ പരമനിയന്താവും, ഇന്ദ്രിയ പ്രവർത്തനങ്ങളും, ഇന്ദ്രിയ പ്രവർത്തനങ്ങളുടെ (കർമങ്ങൾ) ഫലങ്ങളുമാകുന്നു. ആകയാൽ അങ്ങ് ശരീരത്തിന്റെയും, മനസ്സിന്റെയും, ഇന്ദ്രിയങ്ങളുടെയും നിയന്താവാകുന്നു. രുദ്രനെന്ന് അറിയപ്പെടുന്ന അഹംഭാവത്തിന്റെ പരമനിയന്ത്രകനും അങ്ങാകുന്നു. അങ്ങ് ജ്ഞാനത്തിന്റെ സ്രോതസ്സും വൈദികശാസനങ്ങളുടെ കർമങ്ങളുമാകുന്നു."

ദർശനം നോ ദിദൃക്ഷൂണാം ദേഹി ഭാഗവതാർച്ചിതം ।
രൂപം പ്രിയതമം സ്വാനാം സർവേന്ദ്രിയഗുണാഞ്ജനം ॥ 44 ॥

എന്റെ പ്രിയപ്പെട്ട ഭഗവാനേ, അങ്ങയുടെ ഏറ്റവും പ്രിയപ്പെട്ട ഭക്തന്മാർ ആരാധിക്കുന്ന രൂപത്തിൽ അങ്ങയെ ദർശിക്കുവാൻ ഞാൻ ആഗ്രഹിക്കു ന്നു. അങ്ങേയ്ക്ക് വേറെ അനവധി രൂപങ്ങളുണ്ട്, ഭക്തന്മാർ വിശേഷാൽ ഇഷ്ടപ്പെടുന്ന അങ്ങയുടെ രൂപം കാണുവാൻ ഞാൻ ആശിക്കുന്നു. ആ രൂപം ദർശിപ്പിക്കുവാൻ ദയവായി എന്നോട് കാരുണ്യമുണ്ടാകണം, എന്തു കൊണ്ടെന്നാൽ ഭക്തന്മാർ ആരാധിക്കപ്പെടുന്ന ആ രൂപത്തിനു മാത്രമേ ഇന്ദ്രിയങ്ങളുടെ എല്ലാ ആവശ്യങ്ങളും നിർവഹിച്ച് അവയെ സംതൃപ്ത്ത മാക്കാൻ കഴിയൂ.

സ്നിഗ്ദ്ധപ്രാവൃഡ്ഘനശ്യാമം സർവ്വസൌന്ദര്യസംഗ്രഹം ।
ചാർവായതചതുർബ്ബാഹും സുജാതരുചിരാനനം ॥ 45 ॥
പദ്മകോശപലാശാക്ഷം സുന്ദരഭ്രൂ സുനാസികം ।
സുദ്വിജം സുകപോലാസ്യം സമകർണ്ണവിഭൂഷണം ॥ 46 ॥

"വർഷകാലത്ത് ഭഗവാന്റെ സൗന്ദര്യം കാർമേഘ സദൃശമാണ്. വർഷപാതം മിന്നിത്തിളങ്ങുമ്പോൾ അദ്ദേഹത്തിന്റെ ശരീരാവയവങ്ങളും മിന്നിത്തിളങ്ങും. തീർച്ചയായും, എല്ലാ സൗന്ദര്യങ്ങളുടെയും ആകെത്തുകയാണദ്ദേഹം. ഭഗവാന് നാലു കരങ്ങളും, കമലദളങ്ങൾ കണക്കുള്ള കണ്ണുകളോടുകൂടിയ അനുപമസുന്ദരമായ മുഖവും, മനോഹരമായ ഉയർന്ന നാസികയും, മനസ്സിനെ ആകർഷിക്കുന്ന മന്ദഹാസവും, മനോഹരമായ നെറ്റിയും, തുല്യ മനോഹരങ്ങളും പൂർണാലംകൃതങ്ങളുമായ കാതുകളുമുണ്ട്."

പ്രീതിപ്രഹസിതാപാംഗമളകൈരുപശോഭിതം ।
ലസത്പങ്കജകിഞ്ജൽകദുകൂലം മൃഷ്ടകുണ്ഡലം ॥ 47 ॥
സ്ഫുരത്കിരീടവലയഹാരനൂപുരമേഖലം ।
ശംഖചക്രഗദാപദ്മമാലാമണ്യുത്തമർദ്ധിമത് ॥ 48 ॥

"ഭക്തന്മാർക്കുമേൽ ഇടംകണ്ണിട്ട് പാർശ്വകടാക്ഷം നടത്തുമ്പോഴും കാരുണ്യപൂർണമായ തൂമന്ദഹാസം ചൊരിയുമ്പോഴും ഭഗവാന്റെ മനോഹാരിത പരമശ്രേഷ്ടമാകുന്നു. കറുത്ത ചുരുൾമുടിയുള്ള അദ്ദേഹത്തിന്റെ വസ്ത്രം കാറ്റിൽ പാറുമ്പോൾ താമരപ്പൂക്കളിൽ നിന്ന് കടുംമഞ്ഞ പരാഗങ്ങൾ പാറിപ്പറക്കുന്നതുപോലെ തോന്നിക്കും. ഭഗവാന്റെ തിളങ്ങുന്ന

കർണകുണ്ഡലങ്ങൾ, പ്രകാശിക്കുന്ന കിരീടം, വളകൾ, ഹാരങ്ങൾ, പാദസരങ്ങൾ, അരക്കച്ച, വിവിധ ആഭരണങ്ങൾ, ശംഖചക്രഗദാപത്മങ്ങൾ എന്നിവയെല്ലാം അദ്ദേഹത്തിന്റെ മാറിലെ കൗസ്തുഭ രത്നത്തിന്റെ സ്വാഭാവിക ഭംഗി വർധിപ്പിക്കുന്നു."

സിംഹസ്കന്ധത്വിഷോ ബിഭ്രത്സൌഭഗഗ്രീവകൌസ്തുഭം ।
ശ്രിയാനപായിന്യാ ക്ഷിപ്തനികഷാശ്മോരസോല്ലസത് ॥ 49 ॥

"ഭഗവാന് ഒരു സിംഹത്തിന്റേതുപോലുള്ള തോളുകളുണ്ട്. എപ്പോഴും തിളങ്ങിക്കൊണ്ടിരിക്കുന്ന മാലകളും, കണ്ഠാഭരണങ്ങളും, തങ്കമുദ്രകളും മറ്റും ഈ തോളുകളിലുണ്ട്. ഇവയ്ക്കെല്ലാം പുറമെ കൗസ്തുഭമണി മുത്തിന്റെയും, ഭാഗ്യദേവതയുടെ അടയാളങ്ങളായി വിരിമാറിലുള്ള ശ്രീവത്സ രേഖകളുടെയും ശോഭ അദ്ദേഹത്തിന്റെ കാന്തി വർധിപ്പിക്കുന്നു. ഈ രേഖകളുടെ തിളക്കം, സ്വർണത്തിന്റെ മാറ്റുരയ്ക്കുന്ന ഉരകല്ലിന്റെ കിരണങ്ങളെക്കാൾ ഉൽകൃഷ്ടങ്ങളാണ്. തീർച്ചയായും അത്തരം കാന്തി ഒരു ഉരകല്ലിന്റെ തിളക്കത്തെ നിഷ്പ്രഭമാക്കും."

പൂരരേചകസംവിഗ്നവലിവൽഗുദളോദരം ।
പ്രതിസംക്രാമയദ്വിശ്വം നാഭ്യാ്വർത്തഗഭീരയാ ॥ 50 ॥

ഭഗവാന്റെ, അരയാലിലയ്ക്ക് സമാനമായ അടിവയറിലെ മൂന്നു ചുളി വുകൾ വളരെ മനോഹരങ്ങളാണ്. അദ്ദേഹം ശ്വസിക്കുകയും ഉച്ഛ്വസിക്കു കയും ചെയ്യുമ്പോൾ അവയുടെ ഭംഗിയേറും. ഭഗവാന്റെ നാഭിയിലെ ചുരു ളുകൾ വളരെ ആഴമുള്ളതായതിനാൽ മുഴുവൻ ലോകവും അതിൽ നിന്ന് അങ്കുരിച്ച് വികസിക്കുന്നതു പോലെയും തുടർന്ന് മടങ്ങിപ്പോകാൻ ആഗ്ര ഹിക്കുന്നതുപോലെയും കാണപ്പെടുന്നു.

ശ്യാമശ്രോണ്യധിരോചിഷ്ണു ദുകൂലസ്വർണ്ണമേഖലം ।
സമചാർവ്വംഘ്രിജംഘോരുനിമ്നാജാനുസുദർശനം ॥ 51 ॥

"ഭഗവാന്റെ അരക്കെട്ടിന്റെ കീഴ്ഭാഗം ഇരുണ്ടതും മഞ്ഞ വസ്ത്രത്താൽ ആച്ഛാദനം ചെയ്യപ്പെട്ടതും അതിനു മീതെ സുവർണ ചിത്രപ്പണി ചെയ്ത അരക്കച്ച കെട്ടിയതുമാകുന്നു. അദ്ദേഹത്തിന്റെ സൗഷ്ഠവമുള്ള പങ്കജപാദങ്ങളും കാൽവണ്ണകളും, സന്ധികളും കാലുകളും അനിതരസാധാരണ

സുന്ദരങ്ങളാണ്. തീർച്ചയായും ഭഗവാന്റെ പൂർണ്ണ ശരീരം നന്നേ ഘടനയൊത്തതായി കാണപ്പെടുന്നു."

പദാ ശരത്പദ്മപലാശരോചിഷാ
നഖദ്യുഭിർന്നോഽന്തരഘം വിധുന്വതാ ।
പ്രദർശയ സ്വീയമപാസ്തസാധ്വസം
പദം ഗുരോ മാർഗ്ഗഗുരുസ്തമോജുഷാം ॥ 52 ॥

"എന്റെ പ്രിയപ്പെട്ട ഭഗവാനേ, വസന്തകാലത്ത് വിടരുന്ന താമരമലരിന്റെ രണ്ടിതളുകൾപോലെ അതിമനോഹരങ്ങളാണ് അങ്ങയുടെ പങ്കജപാദങ്ങൾ. അങ്ങയുടെ പാദാരവിന്ദങ്ങളുടെ നഖങ്ങളിൽ നിന്ന് നിർഗളിക്കുന്ന മഹാതേജസ് ബദ്ധാത്മാവിന്റെ ഹൃദയത്തിലെ അന്ധകാരത്തെ തുരത്തിക്കളയുന്നു. പ്രിയപ്പെട്ട ഭഗവാനേ, ഭക്തന്റെ ഹൃദയത്തിലെ എല്ലാ വിധത്തിലുമുള്ള തമസിനെയും എല്ലായ്പ്പോഴും അകറ്റുന്ന അങ്ങയുടെ ആ രൂപം ദയവായി എനിക്ക് ദൃശ്യമാക്കണേ. പ്രിയപ്പെട്ട ഭഗവാനേ, അങ്ങ് എല്ലാവരുടെയും പരമോന്നതനായ ആദ്ധ്യാത്മികഗുരുവാകുന്നു; ആയതിനാൽ അജ്ഞതയുടെ അന്ധകാരത്താൽ ആവരണം ചെയ്യപ്പെട്ടിട്ടുള്ള എല്ലാ ബദ്ധാത്മാക്കളെയും ആദ്ധ്യാത്മികഗുരു എന്ന നിലയിൽ അങ്ങേക്ക് പ്രകാശിതരാക്കാൻ കഴിയും."

ഏതദ്രൂപമനുധ്യേയമാത്മശുദ്ധിമഭീപ്സതാം ।
യദ്ഭക്തിയോഗോഭയദഃ സ്വധർമ്മമനുതിഷ്ഠതാം ॥ 53 ॥

"എന്റെ പ്രിയപ്പെട്ട ഭഗവാനേ, സ്വന്തം നിലനിൽപ്പിനെ ശുദ്ധീകരിക്കാൻ ആഗ്രഹിക്കുന്നവർ മുകളിൽ വിവരിച്ചതുപോലെ സദാ അങ്ങയുടെ പങ്കജപാദങ്ങളിൽ ധ്യാനനിരതരാകണം. തങ്ങളുടെ തൊഴിൽപരമായ ധർമ്മങ്ങൾ അനുഷ്ഠിക്കുന്നതിൽ ഗൗരവമുള്ളവരും, ഭയത്തിൽ നിന്ന് മുക്തി കാംക്ഷിക്കുന്നവരും നിർബന്ധമായും ഈ ഭക്തിയോഗം സ്വീകരിക്കണം."

ഭവാൻ ഭക്തിമതാ ലഭ്യോ ദുർല്ലഭഃ സർവദേഹിനാം ।
സ്വാരാജ്യസ്യാപ്യഭിമത ഏകാന്തേനാത്മവിദ്ഗതിഃ ॥ 54 ॥

"എന്റെ പ്രിയപ്പെട്ട ഭഗവാനേ, സ്വർഗരാജ്യത്തിന്റെ രാജാവിനുപോലും ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യമായ ഭക്തിയുതസേവനം നേടാൻ ആഗ്രഹമുണ്ട്. സ്വയം ബ്രഹ്മം തന്നെയാണെന്ന് (അഹം ബ്രഹ്മാസ്മി) തിരിച്ചറിയുന്നവരുടെ പോലും ആത്യന്തിക ലക്ഷ്യം അങ്ങാകുന്നു. എങ്ങനെതന്നെയായാലും അങ്ങയെ പ്രാപിക്കുക അവർക്ക് വളരെ ദുഷ്കരമാണ്, അതേസമയം ഒരു ഭക്തന് വളരെ അനായാസം അങ്ങയെ നേടുവാൻ സാധിക്കും."

തം ദുരാരാധ്യമാരാധ്യ സതാമപി ദുരാപയാ ।
ഏകാന്തഭക്ത്യാ കോ വാഞ്ഛേത്പാദമൂലം വിനാ ബഹിഃ ॥ 55 ॥

"എന്റെ പ്രിയപ്പെട്ട ഭഗവാനേ, പരിശുദ്ധ ഭക്തിയുതസേവനം മോചിതരായ വ്യക്തികൾക്കുപോലും അനുഷ്ഠിക്കുവാൻ പ്രയാസമാണ്, പക്ഷേ ഭക്തിയുതസേവനം ഒന്നുകൊണ്ടു മാത്രമേ അങ്ങയെ സംതൃപ്തനാക്കാൻ സാധിക്കൂ. ജീവിതത്തിന്റെ പരിപൂർണ്ണത ഗൗരവമായി കണക്കിലെടുക്കുന്ന ആരാണ് ആത്മസാക്ഷാത്കാരത്തിന് മറ്റു പ്രക്രിയ സ്വീകരിക്കുക?"

യത്ര നിർവിഷ്ടമരണം കൃതാന്തോ നാഭിമന്യതേ ।
വിശ്വം വിധ്വംസയൻ വീര്യശൌര്യവിസ്ഫൂർജ്ജിതഭ്രുവാ ॥ 56 ॥

"വെറുതെ കൺപോളകളൊന്നു തുറക്കുന്ന നേരംകൊണ്ടുമാത്രം അജയ്യനായ കാലത്തിന്റെ മൂർത്തരൂപമായ അദ്ദേഹത്തിന് സമഗ്രലോകത്തെയും ജയിച്ചടക്കാൻ കഴിയും. എങ്ങനെതന്നെയായാലും അങ്ങയുടെ പങ്കജപാദങ്ങളിൽ പരിപൂർണ്ണമായി ശരണം പ്രാപിച്ച ഭക്തനെ പ്രബലനായ കാലത്തിന് സമീപിക്കാനാവില്ല."

ക്ഷണാർദ്ധേനാപി തുലയേ ന സ്വർഗ്ഗം നാപുനർഭവം ।
ഭഗവത്സംഗിസംഗസ്യ മർത്ത്യാനാം കിമുതാശിഷഃ ॥ 57 ॥

"ഒരുവൻ യാദൃശ്ചികമായി ഒരു നിമിഷത്തിന്റെ അംശനേരത്തേക്കെങ്കിലും ഒരു ഭക്തനുമായി സമ്പർക്കം പുലർത്തിയാൽ അവൻ പിന്നീടൊരിക്കലും കർമ്മത്തിന്റെയോ ജ്ഞാനത്തിന്റെയോ ഫലങ്ങൾക്ക് വിധേയീഭവിക്കില്ല. ആ സ്ഥിതിക്ക്, ജനിമൃതികളുടെ നിയമങ്ങൾക്ക് വിഷയപാത്രങ്ങളായ ദേവന്മാരുടെ അനുഗ്രഹങ്ങളിൽ അവന് പിന്നെന്തിനാണ് താല്പര്യം?"

അഥാനഘാംഘ്രേസ്തവ കീർത്തിതീർത്ഥയോ-
രന്തർബ്ബഹിഃ സ്നാനവിധൂതപാപ്മനാം ।
ഭൂതേഷ്വനുക്രോശസുസത്ത്വശീലിനാം
സ്യാത്സംഗമോഽനുഗ്രഹ ഏഷ നസ്തവ ॥ 58 ॥

"എന്റെ പ്രിയപ്പെട്ട ഭഗവാനേ, എല്ലാ ശുഭകാര്യങ്ങളുടെയും, പാപത്തിന്റെ കളങ്കനാശത്തിന്റെയും കാരണം അങ്ങയുടെ പങ്കജപാദങ്ങളാകുന്നു. ആകയാൽ, അങ്ങയുടെ ചരണാംബുജങ്ങളുടെ ആരാധനയാൽ പരിപൂർണ്ണ പരിശുദ്ധരും, ബദ്ധാത്മാക്കളോട് പരമകാരുണികരുമായ ഭക്തന്മാരുമായുള്ള സഹവാസത്താൽ എന്നെ അനുഗ്രഹിക്കണമെന്ന് യാചിക്കുന്നു. അത്തരം ഭക്തരോടുള്ള സഹവാസത്തിന് എന്നെ അനുവദിക്കുന്നതായിരിക്കും അങ്ങയുടെ യഥാർത്ഥ അനുഗ്രഹമെന്ന് ഞാൻ വിചാരിക്കുന്നു."

ന യസ്യ ചിത്തം ബഹിരർത്ഥവിഭ്രമം
തമോഗുഹായാം ച വിശുദ്ധമാവിശത് ।
യദ്ഭക്തിയോഗാനുഗൃഹീതമഞ്ജസാ
മുനിർവ്വിചഷ്ടേ നനു തത്ര തേ ഗതിം ॥ 59 ॥

"ഭക്തിദേവിയാൽ അനുഗ്രഹിക്കപ്പെട്ടവനും, ഭക്തിയുതസേവന പ്രക്രിയയാൽ ഹൃദയം പരിപൂർണ്ണമായി ശുദ്ധമാക്കപ്പെട്ടവനുമായ ഭക്തൻ, ഇരുട്ടിന്റെ കിണർ പോലുള്ള ബാഹ്യശക്തിയാൽ പരിഭ്രാന്തനാക്കപ്പെടില്ല. എല്ലാ ഭൗതിക മാലിന്യങ്ങളും ഈ രീതിയിൽ പൂർണ്ണമായി ശുദ്ധീകരിക്കപ്പെട്ടു കഴിയുമ്പോൾ ഒരു ഭക്തൻ വളരെ സന്തോഷപൂർവ്വം അങ്ങയുടെ നാമം, യശസ്സ്, രൂപം, കർമ്മങ്ങൾ മുതലായവ മനസ്സിലാക്കാൻ കഴിവുള്ളവനാകും."

യത്രേദം വ്യജ്യതേ വിശ്വം വിശ്വസ്മിന്നവഭാതി യത് ।
തത്ത്വം ബ്രഹ്മ പരംജ്യോതിരാകാശമിവ വിസ്തൃതം ॥ 60 ॥

"എന്റെ പ്രിയപ്പെട്ട ഭഗവാനേ, നിർവ്യക്തിഗത ബ്രഹ്മം സൂര്യപ്രകാശം പോലെയോ, അല്ലെങ്കിൽ ആകാശം പോലെയോ എല്ലായിടത്തും വ്യാപിക്കുന്നു. ഈ പ്രപഞ്ചം മുഴുവൻ വ്യാപിച്ചുകിടക്കുന്ന, ഏതിലാണോ മുഴുവൻ പ്രപഞ്ചവും സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് ആ നിർവ്യക്തിഗത ബ്രഹ്മം അങ്ങാണ്."

യോ മായയേദം പുരുരൂപയാസൃജത്-
ബിഭർത്തി ഭൂയഃ ക്ഷപയത്യവിക്രിയഃ ।
യദ്ഭേദബുദ്ധിഃ സദിവാത്മദുഃസ്ഥയാ
തമാത്മതന്ത്രം ഭഗവൻ പ്രതീമഹി ॥ 61 ॥

"എന്റെ പ്രിയപ്പെട്ട ഭഗവാനേ, അങ്ങേക്ക് നാനാവിധ ശക്തികളുണ്ട്, ആ ശക്തികൾ അനേകരൂപങ്ങളിൽ ആവിഷ്കരിക്കപ്പെട്ടു. ആ ശക്തികളാൽ അങ്ങ് ഈ ഭൗതികപ്രപഞ്ചത്തെ സൃഷ്ടിച്ചു, അത് സുസ്ഥിരമാണെന്ന് തോന്നിക്കും വിധം അങ്ങ് അതിനെ പരിപാലിക്കുന്നു, ആത്യന്തികമായി അങ്ങ് അതിനെ സംഹരിക്കും. അത്തരം പരിവർത്തനങ്ങളാൽ അങ്ങ് ഒരിക്കലും അസ്വസ്ഥനാക്കപ്പെടുന്നില്ലെങ്കിലും, ജീവസത്തകൾ അവയാൽ സംഭ്രമിപ്പിക്കപ്പെടുകയും, അതുമൂലം ഈ ഭൗതികപ്രപഞ്ചം അങ്ങയിൽനിന്ന് വിഭിന്നമോ വേറിട്ടതോ ആണെന്ന് കാണുകയും ചെയ്യുന്നു. എന്റെ ഭഗവാനേ, അങ്ങ് എല്ലായ്പോഴും സ്വതന്ത്രനാണ്, ആ സത്യം എനിക്ക് വ്യക്തമായി കാണാൻ കഴിയും."

ക്രിയാകലാപൈരിദമേവ യോഗിനഃ
ശ്രദ്ധാന്വിതാഃ സാധു യജന്തി സിദ്ധയേ ।
ഭൂതേന്ദ്രിയാന്തഃകരണോപലക്ഷിതം
വേദേ ച തന്ത്രേ ച ത ഏവ കോവിദാഃ ॥ 62 ॥

"എന്റെ പ്രിയപ്പെട്ട ഭഗവാനേ, അഞ്ച് മൂലഘടകങ്ങളായ ഇന്ദ്രിയങ്ങൾ, മനസ്സ്, ബുദ്ധി, മിഥ്യാഹങ്കാരം (ഭൗതികമായ), എല്ലാത്തിന്റെയും മേധാവിയും അങ്ങയുടെ ഭാഗിക വിസ്തരണവുമായ പരമാത്മാവ് എന്നിവ അടങ്ങുന്നതാണ് അങ്ങയുടെ വിശ്വരൂപം. ഭക്തന്മാർ ഒഴികെയുള്ള യോഗികൾ - കർമ്മയോഗികളും ജ്ഞാനയോഗികളും - അവരവരുടെ പദവികൾക്കനുസരിച്ചുള്ള കർമ്മങ്ങളാൽ അങ്ങയെ ആരാധിക്കുന്നു. എല്ലായിടത്തും ആരാധ്യാർഹൻ അങ്ങ് മാത്രമാണെന്ന് വേദങ്ങളിലും ശാസ്ത്രങ്ങളിലും പ്രസ്താവിച്ചിരിക്കുന്നു. എല്ലാ വേദങ്ങളുടെയും വിദഗ്ധ ഭാഷ്യമാണത്."

ത്വമേക ആദ്യഃ പുരുഷഃ സുപ്തശക്തി-
സ്തയാ രജഃസത്ത്വതമോ വിഭിദ്യതേ ।
മഹാനഹം ഖം മരുദഗ്നിവാർദ്ധരാഃ
സുരർഷയോ ഭൂതഗണാ ഇദം യതഃ ॥ 63 ॥

"എന്റെ പ്രിയപ്പെട്ട ഭഗവാനേ, സർവ്വ കാരണങ്ങളുടെയും കാരണമായ ഒരേയൊരു പരമപുരുഷൻ അങ്ങാകുന്നു. ഈ ഭൗതികലോകത്തിന്റെ സൃഷ്ടിക്കു മുമ്പ് അങ്ങയുടെ ഭൗതികശക്തി സുഷുപ്താവസ്ഥയിലായിരുന്നു. അങ്ങയുടെ ഭൗതികശക്തി വികാരവിക്ഷുബ്ധമായപ്പോൾ, സത്വം, രജസ്സ്, തമസ്സ് എന്നീ ത്രിഗുണങ്ങൾ കർമ്മനിരതമാവുകയും തദ്ഫലമായി സമഗ്ര ഭൗതികശക്തിയും - അഹങ്കാരം, സൂക്ഷ്മാകാശം, വായു, അഗ്നി, ജലം, ഭൂമി - വിഭിന്ന ദേവന്മാരും മഹർഷിമാരും ആവിഷ്കൃതമാവുകയും ചെയ്തു. അപ്രകാരം ഭൗതികലോകം സൃഷ്ടിക്കപ്പെട്ടു."

സൃഷ്ടം സ്വശക്ത്യേദമനുപ്രവിഷ്ട-
ശ്ചതുർവിധം പുരമാത്മാംശകേന ।
അഥോ വിദുസ്തം പുരുഷം സന്തമന്തർ-
ഭുങ്ക്തേ ഹൃഷീകൈർമ്മധു സാരഘം യഃ ॥ 64 ॥

"എന്റെ പ്രിയപ്പെട്ട ഭഗവാനേ, അങ്ങയുടെ സ്വന്തം ശക്തിയാൽ സൃഷ്ടി നടത്തിയ ശേഷം നാലു വിധത്തിലുള്ള രൂപങ്ങളിൽ അങ്ങ് സൃഷ്ടിക്കുള്ളിൽ പ്രവേശിച്ചു. ജീവസത്തകളുടെ ഹൃദയങ്ങളിലിരുന്ന്, അവരെയും അവർ എങ്ങനെയാണ് അവരുടെ ഇന്ദ്രിയങ്ങളെ ആസ്വദിക്കുന്നതെന്നും അങ്ങേയ്ക്ക് അറിയാൻ കഴിയും. തേൻകൂട്ടിൽ തേൻ ശേഖരിച്ചതിനു ശേഷമുള്ള തേനീച്ചയുടെ ആസ്വാദനം പോലെയാണ് ഈ ഭൗതികസൃഷ്ടിയിൽ സന്തോഷമെന്നു പറയപ്പെടുന്നത്."

സ ഏഷ ലോകാനതിചണ്ഡവേഗോ
വികർഷസി ത്വം ഖലു കാലയാനഃ ।
ഭൂതാനി ഭൂതൈരനുമേയതത്ത്വോ
ഘനാവലീർവ്വായുരിവാവിഷഹ്യഃ ॥ 65 ॥

"എന്റെ പ്രിയപ്പെട്ട ഭഗവാനേ, അങ്ങയുടെ പരമമായ പ്രമാണികത്വം പ്രത്യക്ഷത്തിൽ അനുഭവവേദ്യമല്ലെങ്കിലും, നിശ്ചിത കാലത്തിനുള്ളിൽ എല്ലാം നശിപ്പിക്കപ്പെടുമെന്ന് ലോകത്തിന്റെ പ്രവൃത്തികളിൽ നിന്ന് ഒരുവന് അനുമാനിക്കാൻ കഴിയും. കാലത്തിന്റെ ശക്തി ഉഗ്രമാകയാൽ എല്ലാം തന്നെ മറ്റെന്തിനാലെങ്കിലും നശിപ്പിക്കപ്പെടും - ഒരു മൃഗം മറ്റൊരു മൃഗത്താൽ ഭക്ഷിക്കപ്പെടുന്നതുപോലെ. ആകാശത്തെ മേഘപടലങ്ങളെ കാറ്റ് ചിതറിക്കുന്നതുപോലെ കാലം എല്ലാത്തിനെയും ശിഥിലമാക്കും."

പ്രമത്തമുച്ചൈരിതികൃത്യചിന്തയാ
പ്രവൃദ്ധലോഭം വിഷയേഷു ലാലസം ।
ത്വമപ്രമത്തഃ സഹസാഭിപദ്യസേ
ക്ഷുല്ലേലിഹാനോഽഹിരിവാഖുമന്തകഃ ॥ 66 ॥

"എന്റെ പ്രിയപ്പെട്ട ഭഗവാനേ, ഈ ഭൗതികലോകത്തിലെ എല്ലാ ജീവസത്തകളും എല്ലായ്പ്പോഴും ഓരോരോ കാര്യനിർവഹണങ്ങളുടെ നെട്ടോട്ടത്തിലും, ഒരു കാര്യമല്ലെങ്കിൽ മറ്റൊരു കാര്യം ചെയ്യുന്നതിനുള്ള തിരക്കിലുമാണ്. അനിയന്ത്രിതമായ ആർത്തിയുടെ ഫലമാണിത്. ജീവസത്തകളിൽ ഭൗതികാസ്വാദനത്തിനുള്ള ദുരാഗ്രഹം എപ്പോഴുമുണ്ടായിരിക്കും. പക്ഷേ എപ്പോഴും ജാഗ്രത്തായിരിക്കുന്ന അങ്ങയുടെ നായകത്വം പെട്ടെന്നുതന്നെ അവനെ പിടികൂടുകയും, പാമ്പ് എലിയെ വിഴുങ്ങുന്ന ലാഘവത്തിൽ വിഴുങ്ങിക്കളയുകയും ചെയ്യും."

കസ്ത്വത്പദാബ്ജം വിജഹാതി പണ്ഡിതോ
യസ്തേഽവമാനവ്യയമാനകേതനഃ ।
വിശങ്കയാസ്മദ്ഗുരുരർച്ചതി സ്മ യദ്-
വിനോപപത്തിം മനവശ്ചതുർദ്ദശ ॥ 67 ॥

"എന്റെ പ്രിയപ്പെട്ട ഭഗവാനേ, എത്ര അറിവുള്ള വ്യക്തിയ്ക്കും അങ്ങയെ ആരാധിക്കണമെന്ന് അറിവില്ലാത്തപക്ഷം അവന്റെ ജീവിതം നശിച്ചുപോകും. ഇതറിയുന്ന അവന് എങ്ങനെ അങ്ങയുടെ പങ്കജപാദങ്ങളുടെ ആരാധന ഒഴിവാക്കാൻ കഴിയും? ഞങ്ങളുടെ പിതാവും ആദ്ധ്യാത്മികഗുരുവുമായ ബ്രഹ്മാവുപോലും അങ്ങയെ മടികൂടാതെ ആരാധിക്കുകയും, പതിനാല് മനുക്കളും അദ്ദേഹത്തിന്റെ കാൽപ്പാടുകൾ പിന്തുടരുകയും ചെയ്തു."

അഥ ത്വമസി നോ ബ്രഹ്മൻ പരമാത്മൻ വിപശ്ചിതാം ।
വിശ്വം രുദ്രഭയധ്വസ്തമകുതശ്ചിദ്ഭയാ ഗതിഃ ॥ 68 ॥

"എന്റെ പ്രിയപ്പെട്ട ഭഗവാനേ, വാസ്തവത്തിൽ അങ്ങ് പരബ്രഹ്മവും പരമാത്മാവുമാണെന്ന് പണ്ഡിതരായിട്ടുള്ള എല്ലാ വ്യക്തികൾക്കും അറിയാം. സമഗ്രലോകവും സർവ്വത്തിന്റെയും സംഹാരകനായ രുദ്രദേവനെ ഭയപ്പെടുന്നുണ്ടെങ്കിലും ജ്ഞാനികളായ ഭക്തന്മാർക്ക് അങ്ങാണ് സർവ്വത്തിന്റെയും ഭയരഹിതമായ ലക്ഷ്യം."

ഇദം ജപത ഭദ്രം വോ വിശുദ്ധാ നൃപനന്ദനാഃ ।
സ്വധർമ്മമനുതിഷ്ഠന്തോ ഭഗവത്യർപ്പിതാശയാഃ ॥ 69 ॥

"എന്റെ പ്രിയപ്പെട്ട രാജപുത്രന്മാരേ, രാജാക്കന്മാരെന്ന നിലയിലുള്ള നിങ്ങളുടെ തൊഴിൽപരമായ ധർമ്മം ശുദ്ധഹൃദയത്തോടെ നിർവ്വഹിക്കുക. ഭഗവാന്റെ പങ്കജപാദങ്ങളിൽ മനസ്സുറപ്പിച്ച് ഈ പ്രാർത്ഥന ചൊല്ലുക. ഭഗവാൻ നിങ്ങളിൽ വളരെ സംപ്രീതനാകയാൽ അത് നിങ്ങൾക്ക് എല്ലാ സൗഭാഗ്യങ്ങളും കൈവരുത്തും."

തമേവാത്മാനമാത്മസ്ഥം സർവ്വഭൂതേഷ്വവസ്ഥിതം ।
പൂജയധ്വം ഗൃണന്തശ്ച ധ്യായന്തശ്ചാസകൃദ്ധരിം ॥ 70 ॥

"ആകയാൽ, അല്ലയോ രാജപുത്രന്മാരേ, പരമദിവ്യോത്തമപുരുഷനായ ഭഗവാൻ ഹരി എല്ലാവരുടെയും ഹൃദയങ്ങളിൽ സ്ഥിതി ചെയ്യുന്നു. അദ്ദേഹം നിന്റെ ഹൃദയത്തിലുമുണ്ട്. അതിനാൽ സദാ ഭഗവാന്റെ മഹത്വങ്ങൾ കീർത്തിക്കുകയും, അദ്ദേഹത്തിനുമേൽ തുടർച്ചയായി ധ്യാനിക്കുകയും ചെയ്യുക."

യോഗാദേശമുപാസാദ്യ ധാരയന്തോ മുനിവ്രതാഃ ।
സമാഹിതധിയഃ സർവ്വ ഏതദഭ്യസതാദൃതാഃ ॥ 71 ॥

"എന്റെ പ്രിയപ്പെട്ട രാജകുമാരന്മാരേ, ദിവ്യനാമത്തിന്റെ കീർത്തനയോഗ സമ്പ്രദായം ഒരു പ്രാർത്ഥനയുടെ രൂപത്തിൽ ഞാൻ നിങ്ങൾക്ക് വർണ്ണിച്ചു തന്നു. നിങ്ങളോരോരുത്തരും ഈ പ്രധാനപ്പെട്ട സ്തോത്രം മനസ്സിൽ സ്വീകരിക്കുകയും, മഹാമുനിമാരായി തീരുന്നതിനുവേണ്ടി പാലിക്കുമെന്ന് പ്രതിജ്ഞയെടുക്കുകയും ചെയ്യണം. ഭയഭക്തിബഹുമാനങ്ങളോടും ശ്രദ്ധയോടുംകൂടി മഹർഷിമാരെപ്പോലെ മൗനത്തിൽ വർത്തിച്ചാൽ നിങ്ങൾക്ക് ഈ സമ്പ്രദായം അഭ്യസിക്കാം."

ഇദമാഹ പുരാസ്മാകം ഭഗവാൻ വിശ്വസൃക്പതിഃ ।
ഭൃഗ്വാദീനാമാത്മജാനാം സിസൃക്ഷുഃ സംസിസൃക്ഷതാം ॥ 72 ॥

"ഈ പ്രാർത്ഥന ആദ്യം ഞങ്ങളോട് പറയപ്പെട്ടത് എല്ലാ സ്രഷ്ടാക്കളുടെയും യജമാനനായ ബ്രഹ്മാവിനാലാണ്. ഭൃഗുവിന്റെ നേതൃത്വത്തിലുള്ള സ്രഷ്ടാക്കൾക്ക് സൃഷ്ടി നടത്തേണ്ടിയിരുന്നതിനാൽ അവർക്ക് ഈ പ്രാർത്ഥന നിർദ്ദേശിക്കപ്പെട്ടു."

തേ വയം നോദിതാഃ സർവ്വേ പ്രജാസർഗ്ഗേ പ്രജേശ്വരാഃ ।
അനേന ധ്വസ്തതമസഃ സിസൃക്ഷ്മോ വിവിധാഃ പ്രജാഃ ॥ 73 ॥

"പ്രജാപതിമാരോട് സൃഷ്ടി നടത്താൻ ബ്രഹ്മദേവൻ ആജ്ഞാപിച്ചപ്പോൾ ഞങ്ങൾ പരമദിവ്യോത്തമപുരുഷനായ ഭഗവാനെ പുകഴ്ത്തി ഈ പ്രാർത്ഥനകൾ കീർത്തിക്കുകയും എല്ലാ അജ്ഞതകളിൽ നിന്നും സമ്പൂർണ്ണ സ്വതന്ത്രരാവുകയും ചെയ്തു. അപ്രകാരം വിവിധ തരം ജീവസത്തകളെ സൃഷ്ടിക്കുവാൻ ഞങ്ങൾക്ക് കഴിഞ്ഞു."

അഥേദം നിത്യദാ യുക്തോ ജപന്നവഹിതഃ പുമാൻ ।
അചിരാച്ഛ്രേയ ആപ്നോതി വാസുദേവപരായണഃ ॥ 74 ॥

"ഭഗവാൻ കൃഷ്ണനിൽ സദാ മനസ്സ് നിമഗ്നമാക്കുന്ന അദ്ദേഹത്തിന്റെ ഭക്തൻ അത്യന്തം ഭക്തിയോടും ശ്രദ്ധയോടും കൂടി ഈ പ്രാർത്ഥന ചൊല്ലുന്നപക്ഷം അവൻ താമസംവിനാ ജീവിതത്തിന്റെ പരമോന്നത പരിപൂർണ്ണത പുൽകും."

ശ്രേയസാമിഹ സർവ്വേഷാം ജ്ഞാനം നിഃശ്രേയസം പരം ।
സുഖം തരതി ദുഷ്പാരം ജ്ഞാനനൌർവ്യസനാർണ്ണവം ॥ 75 ॥

"ഈ ഭൗതികലോകത്തിൽ വിവിധ തരത്തിലുള്ള നേട്ടങ്ങളുണ്ട്. അവയിൽ ഏറ്റവും മഹത്തായത് ജ്ഞാനമാണെന്ന് പരിഗണിക്കപ്പെടുന്നു, എന്തുകൊണ്ടെന്നാൽ അറിവിന്റെ തോണിയിൽ മാത്രമേ ഒരുവന് അജ്ഞാനസമുദ്രം തരണം ചെയ്യാൻ കഴിയൂ. അറിവില്ലാത്തപക്ഷം ആ സമുദ്രം മറികടക്കാൻ കഴിയില്ല."

യ ഇമം ശ്രദ്ധയാ യുക്തോ മദ്ഗീതം ഭഗവത് സ്തവം ।
അധീയാനോ ദുരാരാധ്യം ഹരിമാരാധയത്യസൌ ॥ 76 ॥

"പരമദിവ്യോത്തമപുരുഷനായ ഭഗവാന് ഭക്തിയുതസേവനം അനുഷ്ഠിക്കാനും അദ്ദേഹത്തെ ആരാധിക്കാനും വളരെ ബുദ്ധിമുട്ടാണെങ്കിലും, ഞാൻ ചിട്ടപ്പെടുത്തി ആലപിച്ച ഈ പ്രാർത്ഥന സ്പന്ദിപ്പിക്കുകയോ പാരായണം ചെയ്യുകയോ ചെയ്യുന്ന ഒരുവന് പരമദിവ്യോത്തമപുരുഷനായ ഭഗവാന്റെ കാരുണ്യം നിഷ്പ്രയാസം ആവാഹിക്കുവാൻ കഴിയും."

വിന്ദതേ പുരുഷോഽമുഷ്മാദ് യദ് യദിച്ഛത്യസത്വരം ।
മദ്ഗീതഗീതാത് സുപ്രീതാച്ഛ്രേയസാമേകവല്ലഭാത് ॥ 77 ॥

"പരമദിവ്യോത്തമപുരുഷനായ ഭഗവാൻ എല്ലാ മംഗളകരങ്ങളായ അനുഗ്രഹങ്ങളുടെയും ഏറ്റവും പ്രിയപ്പെട്ട വസ്തുവാണ്. ഞാൻ ആലപിച്ച ഈ ഗാനം പാടുന്ന ഒരു മനുഷ്യജീവിക്ക് പരമദിവ്യോത്തമപുരുഷനായ ഭഗവാനെ പ്രീതിപ്പെടുത്തുവാൻ കഴിയും. ഭഗവാന്റെ ഭക്തിയുതസേവനത്തിൽ ഉറച്ച അത്തരമൊരു ഭക്തന് പരമോന്നതനായ ഭഗവാനിൽ നിന്ന് അവൻ ഇച്ഛിക്കുന്നതെന്തും ആർജ്ജിക്കുവാനാകും."

ഇദം യഃ കല്യ ഉത്ഥായ പ്രാഞ്ജലിഃ ശ്രദ്ധയാന്വിതഃ ।
ശൃണുയാച്ഛ്രാവയേൻമർത്ത്യോ മുച്യതേ കർമ്മബന്ധനൈഃ ॥ 78 ॥

"അതിപ്രഭാതത്തിലുണർന്ന് മഹാദേവൻ ആലപിച്ച ഈ പ്രാർത്ഥന കൂപ്പുകൈകളോടെ കീർത്തിക്കുകയും ശ്രവിക്കുകയും മറ്റുള്ളവരെ ശ്രവിപ്പിക്കുകയും ചെയ്യുന്ന ഒരു ഭക്തൻ ഫലകാംക്ഷാകർമ്മങ്ങളുടെ എല്ലാ ബന്ധനങ്ങളിൽ നിന്നും തീർച്ചയായും മുക്തനായിത്തീരും."

ഗീതം മയേദം നരദേവനന്ദനാഃ
പരസ്യ പുംസഃ പരമാത്മനഃ സ്തവം ।
ജപന്ത ഏകാഗ്രധിയസ്തപോ മഹച്ചരധ്വമന്തേ
തത ആപ്സ്യഥേപ്സിതം ॥ 79 ॥

"എന്റെ പ്രിയപ്പെട്ട രാജാവിന്റെ പുത്രന്മാരേ, ഞാൻ നിങ്ങൾക്ക് ചൊല്ലിത്തന്ന പ്രാർത്ഥന പരമദിവ്യോത്തമപുരുഷനായ ഭഗവാനെ, പരമാത്മാവിനെ പ്രീതിപ്പെടുത്തുവാനുള്ളതാണ്. മഹാതപസ്സുകളോളം തന്നെ ഫലപ്രദമായ ഈ പ്രാർത്ഥന ചൊല്ലുവാൻ ഞാൻ നിങ്ങളെ ഉപദേശിക്കുന്നു. ഈ രീതിയിൽ നിങ്ങൾ പക്വമതികളാകുമ്പോൾ നിങ്ങളുടെ ജീവിതം വിജയപ്രദമാവുകയും,

നിങ്ങൾ ഇച്ഛിച്ചവയെല്ലാം നിങ്ങൾക്ക് നിശ്ചയമായും വീഴ്ച കൂടാതെ നേടാൻ കഴിയുകയും ചെയ്യും."

🌼🌼🌼🌼🌼🌼🌼🌼🌼🌼

ഹരേ കൃഷ്ണ ഹരേ കൃഷ്ണ കൃഷ്ണ കൃഷ്ണ ഹരേ ഹരേ
ഹരേ രാമ ഹരേ രാമ രാമ രാമ ഹരേ ഹരേ

🌼🌼🌼🌼🌼🌼🌼🌼🌼🌼

ഇതുപോലെയുള്ള ആത്മീയ വിഷയങ്ങൾ വായിക്കുവാനായി താഴെക്കാണുന്ന ലിങ്ക് പിൻതുടരുക .:- ശുദ്ധ ഭക്തി വാട്സ്ആപ്പ് ഗ്രൂപ്പ് ശുദ്ധ ഭക്തി ടെലഗ്രാം ഗ്രൂപ്പ് www.suddhabhaktimalayalam.com മൊബൈൽ ആപ്പ്

https://play.google.com/store/apps/details?id=com.destine.suddhabhakti

**ശ്രീമദ് ഭഗവദ്ഗീത, ശ്രീമദ്ഭാഗവതം
മുതലായ പൂർവ്വാചാര്യന്മാരാൽ
അംഗീകരിക്കപ്പെട്ട
വേദശാസ്ത്രങ്ങൾ വാങ്ങി
വായിക്കുവാൻ അരികിലുള്ള
അന്താരാഷ്ട്ര കൃഷ്ണാവബോധ
സമിതി (ISKCON)കേന്ദ്രങ്ങളിൽ
ബന്ധപ്പെടുവാൻ അപേക്ഷിക്കുന്നു.**



**ഹരേ കൃഷ്ണ ഹരേ കൃഷ്ണ കൃഷ്ണ കൃഷ്ണ ഹരേ ഹരേ
ഹരേ രാമ ഹരേ രാമ രാമ രാമ ഹരേ ഹരേ**

ഇതുപോലെയുള്ള ആത്മീയ വിഷയങ്ങൾ വായിക്കുവാനായി താഴെക്കാണുന്ന ലിങ്ക് പിൻതുടരുക .:- [ശുദ്ധ ഭക്തി വാട്സ്ആപ്പ് ഗ്രൂപ്പ്] [ശുദ്ധ ഭക്തി ടെലഗ്രാം ഗ്രൂപ്പ്] www.suddhabhaktimalayalam.com മൊബൈൽ ആപ്പ്

https://play.google.com/store/apps/details?id=com.destine.suddhabhakti

ISKCON
Trivandrum

SUDDHA BHAKTI MOBILE APP

CARRY THE ESSENCE OF DEVOTION IN YOUR POCKET

For thousands of Malayalam-speaking devotees, the wait is over. The essential spiritual resource you need is now available on mobile! The Suddha Bhakti App transforms your device into a continuous source of divine knowledge and inspiration

- **10,000+ Inspiring Posters: Immediate access to beautiful graphics for festivals and profound spiritual topics—perfect for sharing!**
- **Authentic Teachings: Dive deep into lectures and translations presented by Srila Prabhupada.**
- **Enriching Content: Explore articles on diverse spiritual subjects and captivating stories of Vaishnava Acharyas, Incarnations , and holy places.**

This app is the ideal companion for both the seasoned devotee and anyone aspiring for genuine spiritual growth. Use it daily to deepen your connection.

The best part? It is completely FREE!

Download the Suddha Bhakti App today and elevate your spiritual practice:

Install Now: https://play.google.com/store/apps/details?id=com.destine.suddhabhakti